ശ്രീ ജോസഫ് മുണ്ടശ്ശേരി: അസിക്കണ്ടറി സ്കൂൾ ടെയിനിംഗ് കോഴ്സിലേയ്ക്ക് തിരഞ്ഞെടുക്കുമ്പോൾ അണ്ടർ ഗ്രാഡുവേറ്റുകൾക്ക് മുൻഗണന കൊടുക്കേണ്ടതുണ്ട്. അതു കഴിഞ്ഞതിനുശേഷം മറ്റുള്ളവരുടെ കാര്യം ആലോചിക്കുന്നതാണ്.

ശ്രീമതി കുസുമം ജോസഫ്: ബി. ടി. കോളേജുകളിൽ ചിലരെ അഡ്മിറ്റ് ചെയ്തതിനുശേഷം പിരിച്ചുവിടുകയും, മറ്റു ചിലരെ അവിടെ അഡ്മിറ്റ് ചെയ്യുകയും ഉണ്ടായോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: തെറ്റായ ചില നടപടികൾ മുമ്പ് ചെയ്തിട്ടുണ്ടായിരിക്കാം. അതു് തെറ്റായിപ്പോയി എന്നു് കിട്ടിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അങ്ങനെ തെറ്റായി അഡ്മിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അവരെ മാറ്റിയിട്ടുണ്ട്.

ശ്രീമതി കുസുമം ജോസഫ്: സി. വത്സലാ എന്ന ക്രിസ്ത്യാനിയായ സ്ത്രീയെ ഒരു ടീച്ചർ ആദ്യം അഡ്മിറ്റ് ചെയ്യുകയും, പിന്നീടു് അവരെ പിരിച്ചയയ്ക്കണമെന്നു് തീരുമാനിക്കുകയും, അതിനുശേഷം അവരെ പിരിച്ചയയ്ക്കുണ്ട ആവശ്യമില്ലെന്നു് ഡിപ്പാർട്ടുമെന്റ് ഓർഡർ ഇട്ടിട്ടും, വീണ്ടും അവരെ പിരിച്ചയയ്ക്കുകയും ചെയ്തതായിട്ടു് അറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ കുട്ടിയുടെ കാര്യത്തിൽ എന്തെല്ലാമാണു് നടന്നിട്ടുള്ളതെന്നു് അന്വേഷിച്ചതിനുശേഷമേ അറിയാവൂ. അതിനെപ്പറ്റിയും കൂടാതെ ഇക്കാര്യത്തിന്റെ പിന്നിൽ ചെലുത്തിയിട്ടുള്ള സ്വാധീനശക്തിയെപ്പറ്റിയും അന്വേഷിക്കാം.

ശ്രീമതി ലീലാ ദാമോദരമേനോൻ: മലബാറിൽ വളരെ അധികം അൺട്രെയിൻഡ് ടീച്ചേഴ്സ് ഉണ്ടെന്നും, അവർക്ക് ട്രെയിനിംഗ് ഇല്ലെന്നുള്ള കാരണത്താൽ ബി. ടി. കോളേജിൽ അഡ്മിഷൻ കിട്ടിയിട്ടില്ലെന്നും ഉള്ളതിനെ പരിഗണിച്ചു് അവരെക്കൂടി സെലക്ട് ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അത്തരം കാര്യങ്ങൾ ഇക്കൊല്ലം മുൻഗണന കിട്ടുന്നതാണ്.

ബാച്ചിലർ ഓഫ് ഡെന്റൽ സർജറി കോഴ്സിനുള്ള തിരഞ്ഞെടുപ്പ്.

*1645. [15] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1958-ൽ ബാച്ചിലർ ഓഫ് ഡെന്റൽ സർജറി കോഴ്സിനു 11 വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുകയുണ്ടായോ;

(ബി) ഇവരെ തിരഞ്ഞെടുത്തതു് പ്രത്യേക അപേക്ഷകൾ ക്ഷണിച്ചിട്ടാണോ; എം. ബി. ബി. എസ്സ്. കോഴ്സിനു് അപേക്ഷിച്ചിരുന്നവരിൽ നിന്നുമാണോ;

(സി) ഈ 11 പേരും കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ പ്രീ-മെഡിക്കൽ ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നില്ലേ;

(ഡി) 1959 ജനുവരിയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബാച്ചിലർ ഓഫ് ഡെന്റൽ സർജറി കോഴ്സ് ആരംഭിക്കുകയുണ്ടായോ;

(ഇ) 1958-ൽ തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ പ്രീ-മെഡിക്കൽ കോഴ്സ് 1959 ഏപ്രിലിൽ മാത്രം അവസാനിക്കുന്ന നിലയ്ക്ക് മെഡിക്കൽ കോളേജിൽ 1959 ജനുവരിയിൽ തുടങ്ങിയ കോഴ്സിനു് എങ്ങനെ ചേരുവാൻ സാധിക്കും;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 1958-ൽ തിരഞ്ഞെടുത്ത 11 വിദ്യാർത്ഥികൾ അടുത്ത അദ്ധ്യയന വർഷത്തിൽ എന്തു ചെയ്യണമെന്നാണു് സർക്കാർ ഉദ്ദേശിക്കുന്നതു്?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) ഇല്ല. എന്നാൽ 1958-59-ൽ 12 പേരെ പ്രീ ഡെൻറൽ കോഴ്സിൽ ചേർത്തിട്ടുണ്ടു്.

(ബി) പ്രീ-മെഡിക്കൽ കോഴ്സിനു ഇൻറർവ്യൂ കഴിഞ്ഞു പ്രവേശനം കിട്ടാത്തവരിൽനിന്നുമാണു് യോഗ്യതാനുസരണം തിരഞ്ഞെടുത്തതു്.

(സി) ഇല്ല. എന്നാൽ പ്രീ മെഡിക്കലിൻറെയും, പ്രീ ഡെൻറലിൻറെയും സിലബസ്സുകൾ ഒന്നാണു്.

(ഡി) ഇല്ല. 1959 മാർച്ചിലാണു് ആരംഭിച്ചതു്.

(ഇ) 1959 മാർച്ചിൽ തുടങ്ങിയ ബി. ഡി. എസ്. കോഴ്സിനു പ്രീ ഡെൻറൽ കോഴ്സുകാരിൽനിന്നല്ലാ നേരിട്ടാണു് തിരഞ്ഞെടുപ്പു് നടത്തിയതു്. ഇൻറർമീഡിയറുകാരേയും സയൻസു ബിരുദധാരികളേയുമാണു് തിരഞ്ഞെടുത്തിട്ടുള്ളതു്.

(എഫ്) പ്രീ ഡെൻറൽ പരീക്ഷ പാസ്സാകുന്നവരെ ഡിഗ്രികോഴ്സിലേക്കു് പ്രവേശിപ്പിക്കുന്നതാണു്.

ശ്രീ. ടി. ഒ. ബാവാ: 1959 മാർച്ചിൽ ആരംഭിച്ച പ്രീ ഡെൻറൽ കോഴ്സിനു പ്രീ മെഡിക്കൽ കോഴ്സു് പരീക്ഷ പാസ്സാകാത്ത വിദ്യാർത്ഥികളെ ചേർക്കുവാൻ സാധിക്കാതെ വന്നതെന്തുകൊണ്ടാണു്; ഇക്കൊല്ലം പ്രവേശനം അനുവദിച്ചതു് കഴിഞ്ഞകൊല്ലം പ്രീ മെഡിക്കൽ കോഴ്സു പരീക്ഷ പാസ്സാകാതിരുന്നവരെയാണോ?

ഡാക്ടർ എ. ആർ. മേനോൻ: ഇതു് പുതുതായി തുടങ്ങിയ ഒരു കോഴ്സാണു്. കേന്ദ്രഗവണ്മെൻറിൻറെ നിർദ്ദേശപ്രകാരം ബന്ധപ്പെട്ടു തുടങ്ങിയതാണു്. അതുകൊണ്ടു് ചില തകരാറുകൾ ഉണ്ടായിട്ടുണ്ടു്. എന്നാൽ അക്കം വിഷമം വരാത്തവിധത്തിൽ ഇതിലേക്കു് മര്യാദയുള്ള ഒരു സെലക്ഷൻ നടത്താൻ നോക്കാം.

ശ്രീ. ടി. ഒ. ബാവാ: ഇക്കൊല്ലം പ്രീ ഡെൻറൽ കോഴ്സിനു പ്രീ മെഡിക്കൽ കോഴ്സിൽ പ്രവേശനം കിട്ടാത്തവർക്കെങ്കിലും അഡ്മിഷൻ കിട്ടത്തക്കനിലയിൽ വേണ്ടതു ചെയ്യുമോ?

ഡാക്ടർ എ. ആർ. മേനോൻ: അതിനെപ്പറ്റി ആലോചിക്കാം.

പൂർത്തീകരിക്കാത്ത പാലങ്ങളുടെ പ്രവൃത്തി.

* 1646. [16] ശ്രീ. സി. കുഞ്ഞുകൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോംബേ-കന്യാകുമാരി റോഡിൽ എത്ര പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കാതെ കിടപ്പുണ്ടു്;

(ബി) പ്രവൃത്തി മുഴുപ്പിച്ചിട്ടും ഒരു കൊല്ലമായി ഇറക്കാതെ നിറുത്തിയ 'പെരുമ്പ' പാലം ഉടൻ ഇറക്കിക്കൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) ഈ പാലം ഇറക്കാത്തതുകൊണ്ടു് പയ്യന്നൂർ ചേമ്പർ ഓഫ് കൊമേഴ്സിൽനിന്നും മരാമത്തു മന്ത്രിക്കു് നിവേദനം കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly